(ബി) ഇതുകൊണ്ട് തുടരെ തുടരെ ദാരുണമായ വാഹന അപകട മരണങ്ങൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സർക്കാർ എൻ.എച്ച്.-ന് നൽകാം എന്ന് പറഞ്ഞിരുന്ന തുക നൽകിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുമോ; യോഗത്തിൽ എടുത്ത തീരുമാനം എന്ന് നടപ്പിലാക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട അധിക പണികൾക്ക് 98.68 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചുവെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

(ബി&സി) അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണം റോഡിന്റെ മോശമായ അവസ്ഥയ്ക്ക് പുറമെ മദ്യപിച്ച് വണ്ടി ഓടിക്കുന്നതും, അധിക വേഗത, ഡ്രൈവറുടെ/കാൽനടക്കാരുടെ തെറ്റായ രീതികൾ, കാലാവസ്ഥ എന്നിവയുമുണ്ടെന്ന് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. The Road Safety Experts of Independent Engineering Firm M/s. Intercontinental Consultants and Technologies Pvt. Ltd., New Delhi എന്ന സ്ഥാപനം 02-12-2011-ൽ pre-opening audit നടത്തി ആവശ്യമുള്ള സുരക്ഷ ഈ പ്രോജക്ട് റോഡിന് ഉണ്ടെന്ന് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതായി എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും തൃശ്ശൂർ - അങ്കമാലി നാവുവരി പാതയിൽ പുതിയതായി പണിത ഏഴുപാലങ്ങൾക്കും ഫുട്പാത്ത് പണിയുകയും മൂന്ന് സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നൽ സിസ്റ്റംസ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ടൈപ്പ് ഓവറുകളിലും പാലങ്ങളിലും മറ്റ് ജനവാസ കേന്ദ്രങ്ങളിലും കൺസഷൻ എഗ്രിമെന്റ് പ്രകാരമുള്ള ഹൈവേ വൈറ്റ്സ് സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ പ്രവൃത്തികൾ നടപടി കൈക്കൊള്ളാൻ കഴിയും.

ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി

341 (1426) ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി പ്രകാരം ഗ്രാമീണ റോഡുകൾ ടാർ ചെയ്യുന്നതിന് 2015-16 സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒറ്റത്തവണ ടാർ പെയ്യൽ പദ്ധതി അനുസരിച്ച് ഓരോ പൊതുമരാമത്ത് ഡിവിഷനുകൾക്കും അനുവദിച്ച തുക എത്ര വീതമെന്നും ഇനിയും പ്രവൃത്തികൾക്കായി കൂടുതൽ തുക അനുവദിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി പ്രകാരം നാളിതുവരെ 400 കോടി രൂപയുടെ ഭരണാനുമതി 2015-16 കാലയളവിൽ അനുവദിച്ചിട്ടുണ്ട്. ഓരോ നിയോജക മണ്ഡലത്തിനും, ഓരോ ഡിവിഷനും അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതുകൂടാതെ കൂടുതൽ പ്രവൃത്തികൾക്ക് തുക വീണ്ടും അനുവദിച്ചിട്ടുണ്ട്.

ആസ്തി വികസന പദ്ധതി

342 (1427) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലം MLA-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടോ; എങ്കിൽ ടെൻഡർ എടുത്ത വ്യക്തിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തവനൂർ മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ സ്വീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബഡ്ജറ്റിൽ പരിഗണന നൽകി പ്രഖ്യാപിച്ച പ്രൊപ്പോസലുകൾ

343 (1428) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ (2011-12) പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമായിരുന്നു; വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly